# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2022 ജനുവരി 5

## വാർത്താക്കുറിപ്പ്

---

## ഗുളിക രൂപത്തിൽ പോഷണം; കപ്പകൃഷിയിൽ പുതിയ പരീക്ഷണവുമായി എം.ജി.

കപ്പകൃഷി കൂടുതൽ ആദായകരമാക്കുന്നതിനും രാസവളവും കീടനാശിനിയും മൂലമുള്ള മണ്ണിന്റെയും ജലത്തിന്റേയും മലിനീകരണം പരമാവധി കുറയ്ക്കുന്നതനും സഹായകമായ പുതിയ കൃഷി സമ്പ്രദായം വികസിപ്പിച്ചെടുക്കുന്നതിനുള്ള പരിശ്രമത്തിലാണ് മഹാത്മാഗാന്ധി സർവ്വകലാശാല. കപ്പച്ചെടിക്കാവശ്യമായ വളവും കീട നിയന്ത്രണത്തിനുള്ള പദാർത്ഥങ്ങളും സമാകൃതമായ അളവിൽ ഉൾപ്പെടുത്തി ഗുളിക രൂപത്തിൽ നൽകുന്നതിനുള്ള ഗവേഷണ - പരീക്ഷണങ്ങൾ റഷ്യയിലെ സൈബീരിയൻ ഫെഡറൽ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചാണ് മുന്നേറുന്നത്. കപ്പ നടുന്നത് മുതൽ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ ഗുളിക കപ്പച്ചുവട്ടിൽ ചെറിയ കുഴിയെടുത്ത് നിക്ഷേപിക്കുകയാണ് ഈ വേറിട്ട കൃഷി രീതിയിൽ ചെയ്യുന്നത്. കപ്പ കൃഷിയിലെ കുമിൾ രോഗം നിയന്ത്രിക്കുന്നതിന് ഗുളികകൾ വളരെ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

മഹാത്മാഗാന്ധി സർവ്വകലാശാല കാമ്പസിൽ ഇതിനായി മരച്ചീനി കൃഷിയും നടക്കുന്നുണ്ട്. സൈബീരിയയിൽ സമാന രീതി ഉരുളക്കിഴങ്ങ് കൃഷിയിൽ ഉപയോഗിച്ചു വരുന്നതായി ഗവേഷണ പ്രവർത്തനങ്ങൾക്കായി സൈബീരിയയിൽ നിന്ന് കോട്ടയത്ത് എത്തിയിട്ടുള്ള ശാസ്ത്രജ്ഞരായ അലക്സിയ ദുഡേവ്, നസേഷ്ഡ സ്ടെൽസോവ എന്നിവർ പറഞ്ഞു. ഗവേഷകരായ ബ്ലസ്സി ജോസഫും ജിത്തു കിരൺ പ്രകാശും മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും ഈ പരീക്ഷണ കൃഷിയിൽ പങ്ക് ചേരുന്നുണ്ട്. മെഗാ ഗ്രാന്റ് റഷ്യ എന്ന പേരിൽ 9.5 കോടി രൂപ ധനസഹായത്തോടെയുള്ള ഈ പദ്ധതി ആശാവഹമായി പുരോഗമിക്കുകയാണെന്ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. ചെലവ് കുറഞ്ഞ കൃഷി രീതിയെന്ന പ്രത്യേകതയും ഇതിനുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

**ഫോട്ടോ ക്യാപ്ഷൻ:** സൈബീരിയൻ സർവ്വകലാശാലയിൽ നിന്നുള്ള ഗവേഷകരായ അലക്സിയ ദുഡേവ്, നസേഷ്ഡ സ്ടെൽസോവ എന്നിവർ എം.ജി. സർവ്വകലാശാല ക്യാമ്പസിലെ കൃഷിത്തോട്ടത്തിൽ

(പി.ആർ.ഒ/39/18/2022)

## പരീക്ഷാ തീയതി

രണ്ടാം സെമസ്റ്റർ ബി.എഡ്. (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2020 അഡ്മിഷൻ - റെഗുലർ / സപ്ലിമെന്ററി - ദ്വിവത്സരം) പരീക്ഷകൾ ഫെബ്രുവരി 23 ന് ആരംഭിക്കും. പിഴയില്ലാതെ ജനുവരി 18 വരെയും 525 രൂപ പിഴയോടു കൂടി ജനുവരി 19 നും 1050 രൂപ പിഴയോടു കൂടി ജനുവരി 20 നും അപേക്ഷിക്കാം റെഗുലർ വിദ്യാർത്ഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 55 രൂപ നിരക്കിൽ (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസും പരീക്ഷാഫീസിന് പുറമേ അടയ്ക്കണം.

(പി.ആർ.ഒ/39/19/2022)

## തീയതി നീട്ടി

രണ്ടാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. പരീക്ഷകളുടെ ഫീസ് അടയ്ക്കാനുള്ള സമയം നീട്ടി. പിഴയില്ലാതെ ജനുവരി ഏഴ് വരെയും പിഴയോടു കൂടി ജനുവരി 10 വരെയും സൂപ്പർഫൈനോടു കൂടി ജനുവരി 11 നും

(പി.ആർ.ഒ/39/20/2022)

അഞ്ചാം സെമസ്റ്റർ യു.ജി. സി.ബി.സി.എസ്. / സി.ബി.സി.എസ്.എസ്. പരീക്ഷകളുടെ ഫീസടയ്ക്കുന്നതിനുള്ള തീയതി നീട്ടി. പിഴയില്ലാതെ ജനുവരി ആറ് വരെയും പിഴയോടു കൂടി ജനുവരി ഏഴിനും സൂപ്പർഫൈനോടു കൂടി ജനുവരി 10 വരെയും അടയ്ക്കാം.

(പി.ആർ.ഒ/39/21/2022)

## പരീക്ഷാഫലം

2021 ജനുവരിയിൽ നടന്ന അഞ്ചാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം - എൽ.എൽ.ബി. (ഓണേഴ്സ്) (2017 അഡ്മിഷൻ - റെഗുലർ, 2015, 2016 അഡ്മിഷനുകൾ - സപ്ലിമെന്ററി), ബി.കോം. - എൽ.എൽ.ബി. (2013, 2014 അഡ്മിഷനുകൾ - സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ യഥാക്രമം 370 രൂപ, 160 രൂപ വീതം ഫീസടച്ച് ജനുവരി 19 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ നേരിട്ട് സമർപ്പിക്കാം.

(പി.ആർ.ഒ/39/22/2022)

2021 ജനുവരിയിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.എ. എൽ.എൽ.ബി. പഞ്ചവത്സര ഇന്റഗ്രേറ്റഡ് (2011, 2012-14 അഡമിഷനുകൾ - സപ്ലിമെന്ററി) ബിരുദ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/23/2022)

2021 ജനുവരിയിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.എ. - എൽ.എൽ.ബി. പഞ്ചവത്സര ഇന്റഗ്രേറ്റഡ് കോഴ്സ് (2015, 2012-13 അഡ്മിഷനുകൾ - സപ്ലിമെന്ററി), ബി.എ. ക്രിമിനോളജി എൽ.എൽ.ബി. (2011 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം ജനുവരി 19 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ നേരിട്ട് സ്വീകരിക്കും.

(പി.ആർ.ഒ/39/24/2022)

2021 ജനുവരിയിൽ നടന്ന അഞ്ചാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ. - എൽ.എൽ.ബി. (ഓണേഴ്സ്) (2017 അഡ്മിഷൻ - റെഗുലർ, 2013-2016 അഡ്മിഷനുകൾ-സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം ജനുവരി 19 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ നേരിട്ട് സ്വീകരിക്കും.

(പി.ആർ.ഒ/39/25/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ